നം. എൻ2/51820/2017/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി. 04/06/2018
Phone No. 0471 – 2328438
Email: scholarshipdpi@gmail.com

# സർക്കുലർ-2

വിഷയം :- പൊതുവിദ്യാഭ്യാസം - സ്കോളർഷിപ്പുകൾ - നാഷണൽ മീൻസ് - കം - മെറിറ്റ് സ്കോളർഷിപ്പ് (NMM) 2018-19 - ഓൺലൈൻ അപേക്ഷ - പ്രഥമാധ്യാപകർക്കുള്ള നിർദ്ദേശങ്ങൾ - സംബന്ധിച്ച്.

സൂചന :- ഈ ആഫീസിലെ ഇതേ നമ്പർ സർക്കുലർ തീയതി. 25/04/2018

കേന്ദ്രമാനവ വിഭവശേഷി മന്ത്രാലയം ആവിഷ്കരിച്ച് പൊതുവിദ്യാഭ്യാസ വകുപ്പു വഴി നടപ്പാക്കുന്ന നാഷണൽ മീൻസ് - കം - മെറിറ്റ് സ്കോളർഷിപ്പിന് അർഹത നേടിയ 2018-19 വർഷത്തെ കുട്ടികളുടെ ഓരോ ജില്ലയിലെയും പേരു വിവരങ്ങൾ സ്കൂൾ തിരിച്ച് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഓരോ ജില്ലയിലെയും കുട്ടികളുടെ വിവരങ്ങൾ ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തിൽ ലഭ്യമാണ്.

## നിർദ്ദേശങ്ങൾ

1. 2018-19 മുതൽ NMM സ്കോളർഷിപ്പിന് അർഹരായ കുട്ടികളുടെ വിവരങ്ങൾ ജില്ലാ വിദ്യാഭ്യാസ ഓഫീസുകൾ വഴി അപ്ലോഡ് ചെയ്യേണ്ടതില്ല.
2. ഈ വർഷം മുതൽ (2018-19) NMM സ്കോളർഷിപ്പിന് അർഹരായ എല്ലാ കുട്ടികളും നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ (NSP) വഴി ഓൺലൈൻ ആയി മാത്രമേ അപേക്ഷ സമർപ്പിക്കാൻ പാടുള്ളൂ.
3. നാഷണൽ സ്കോളർഷിപ്പ് 'പോർട്ടൽ' വഴി ഓൺലൈൻ അപേക്ഷ നൽകുന്നതിനുള്ള നിർദ്ദേശങ്ങൾ കേന്ദ്ര സർക്കാർ വിജ്ഞാപനം ലഭിക്കുന്ന മുറയ്ക്ക് പിന്നീട് നൽകുന്നതാണ്.
4. NMM സ്കോളർഷിപ്പിന് അർഹരായ കുട്ടികളുടെ സ്കൂൾ തിരിച്ചുള്ള പട്ടിക പ്രഥമാധ്യാപകൻ പരിശോധിക്കേണ്ടതും ഈ ഓഫീസിൽ നിന്നും അപേക്ഷ നൽകുന്നത് സംബന്ധിച്ച നിർദ്ദേശം ലഭിക്കുമ്പോൾ അർഹരായ എല്ലാ കുട്ടികളും നാഷണൽ സ്കോളർഷിപ്പ് 'പോർട്ടൽ' വഴി ഓൺലൈൻ ആയി അപേക്ഷ നൽകാൻ ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതാണ്.
5. ഓൺലൈൻ അപേക്ഷ സമർപ്പിക്കുമ്പോൾ നൽകുന്ന എല്ലാ വിവരങ്ങളും പൂർണ്ണമായും ശരിയാണെന്ന് പ്രഥമാധ്യാപകൻ പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതാണ്. പിന്നീട് തെറ്റുകൾ തിരുത്താൻ സാധിക്കുന്നതല്ല.
6. ഓൺലൈൻ അപേക്ഷയിൽ നൽകുന്ന വിവരങ്ങൾ അപൂർണമായിരിക്കുകയോ, തെറ്റായതോ, അവ്യക്തമായ വിവരങ്ങളോ ആയാൽ സ്കോളർഷിപ്പ് നഷ്ടപ്പെടാൻ കാരണമാകുന്നതാണ്.
7. കുട്ടികൾ ഓൺലൈൻ സ്കോളർഷിപ്പ് അപേക്ഷ സമർപ്പിച്ചു കഴിഞ്ഞാൽ, പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നു ലഭിക്കുന്ന നിർദ്ദേശ പ്രകാരം എല്ലാ അപേക്ഷകളും പ്രഥമാധ്യാപകൻ സൂക്ഷ്മ പരിശോധന നടത്തി സമർപ്പിക്കേണ്ടതാണ്.

8. 2018-19 വർഷത്തെ NMM സ്കോളർഷിപ്പിന് അർഹരായ എല്ലാ കുട്ടികളും സ്കോളർഷിപ്പിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്ന് പ്രഥമാധ്യാപകൻ ഉറപ്പുവരുത്തേണ്ടതാണ്.
9. അർഹരായ ഏതെങ്കിലും കുട്ടികൾ സ്കോളർഷിപ്പിന് അപേക്ഷിച്ചിട്ടില്ലായെങ്കിൽ ആ കുട്ടിയുടെ വിവരങ്ങൾ പൊതുവിദ്യാഭ്യാസ ഡയറക്ടറെ അറിയിക്കേണ്ടതാണ്.
10. സ്കോളർഷിപ്പിന് അപേക്ഷിച്ചിട്ടുള്ള കുട്ടികൾ തങ്ങളുടെ സ്കൂളിലെ വിദ്യാർത്ഥി/വിദ്യാർത്ഥിനിയാണെന്ന് പ്രഥമാധ്യാപകൻ പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതാണ്.
11. 2017-18 വർഷം മുതൽ NMM സ്കോളർഷിപ്പ് തുക പ്രതിവർഷം 12000/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.
12. സംവരണ വിഭാഗത്തിൽപ്പെട്ടതും (SC/ST) PH ആയി പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള വരുമായ കുട്ടികളുടെ വിവരങ്ങൾ സ്കൂൾ രേഖകളുമായി ഒത്തു നോക്കി ശരിയാണെന്ന് പ്രഥമാധ്യാപകൻ ഉറപ്പുവരുത്തേണ്ടതാണ്.
13. NMM സ്കോളർഷിപ്പിന് അർഹരായ വിദ്യാർത്ഥികൾ ആരെങ്കിലും സ്കൂൾ മാറി മറ്റൊരു സ്കൂളിൽ പ്രവേശിച്ച് പഠനം തുടരുന്നുണ്ടെങ്കിൽ പുതിയ സ്കൂളിന്റെ പേരിൽ അപേക്ഷ നൽകേണ്ടതാണ്.
14. NMM സ്കോളർഷിപ്പിന് അർഹരായ/അപേക്ഷിക്കുന്ന കുട്ടികൾ ന്യൂനപക്ഷ പ്രീ-മെട്രിക് സ്കോളർഷിപ്പ് ഉൾപ്പെടെ മറ്റ് കേന്ദ്രാവിഷ്കൃത സ്കോളർഷിപ്പുകൾക്ക് അപേക്ഷിച്ചിട്ടില്ല എന്ന് പ്രഥമാധ്യാപകൻ ഉറപ്പുവരുത്തേണ്ടതാണ്.
15. NMM സ്കോളർഷിപ്പിന് അർഹരായ എല്ലാകുട്ടികളും ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നതിന് മുമ്പ് ആധാർ ലിങ്ക് ചെയ്ത ബാങ്ക് അക്കൗണ്ട് ആരംഭിക്കാൻ പ്രഥമാധ്യാപകൻ നിർദ്ദേശം നൽകേണ്ടതാണ്.

| |
|---|
| NMM സ്കോളർഷിപ്പിന് അപേക്ഷിക്കുന്നതിനുള്ള തീയതി/അവസാന തീയതി (സമയക്രമം) സംബന്ധിച്ച വിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്. |

JIMMY K JOSE

**പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി**

Thiruvananthapuram-14

സ്വീകർത്താവ്:-

എക്സിക്യൂട്ടീവ് ഡയറക്ടർ
KITE
} സർക്കുലർ ഐ.ടി@സ്കൂളിന്റെയും, വിദ്യാഭ്യാസ വകുപ്പിന്റെയും വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾക്കു വേണ്ടി

**പകർപ്പ് :-**
1. **എല്ലാ ഡി.ഡി.ഇ മാർക്കും**
2. **എല്ലാ ഡി.ഇ.ഒ മാർക്കും**
3. **എല്ലാ പ്രഥമാധ്യാപകർക്കും**

} **പ്രഥമാധ്യാപകരുടെ യോഗത്തിൽ പ്രത്യേക അജണ്ടയായി ഉൾപ്പെടുത്തി നിർദ്ദേശങ്ങൾ നൽകേണ്ടതാണ്.**

## നേരിട്ടുള്ള വിവരങ്ങൾക്ക്

| |
|---|
| **0471-2328438, 9496304015 (ആഫീസ്), 9447990477 എന്നീ നമ്പരുകളിൽ വിളിക്കാവുന്നതാണ്.** |